## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1535** — **05/02/2019- ൽ മറുപടിയ്ക്ക്**

### ക്രമാതീതമായ കീടനാശിനി ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവ ക്രമാതീതമായ അളവിൽ കൃഷിക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം മനുഷ്യനും വളർത്തു മൃഗങ്ങൾക്കും പരിസ്ഥിതിക്കുമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാന സർക്കാരിന്റെ "സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന മാർക്കറ്റിൽ നിന്നും പഴം-പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ നടത്തി വിവരം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാറിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പരിശോധനാഫലം പരസ്യപ്പെടുത്തുന്നത് വഴി ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ച വിവരം ലഭിക്കും. ഇപ്രകാരമുള്ള പരിശോധനാഫലം 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനോടകം 32 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കീടനാശിനികളുടെ ഉപയോഗം കുറഞ്ഞതുവഴി സുഗന്ധവ്യഞ്ജനങ്ങളിലും പച്ചക്കറികളിലുമുള്ള അവശിഷ്ട കീടനാശിനി അളവിൽ 8% വരെ കുറവ് വന്നിട്ടുള്ളതായി പരിശോധനാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. |
| (ബി) കീടനാശിനികളുടെ വർദ്ധിച്ച തോതിലുള്ള ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) ബോധവൽക്കരണത്തിലൂടെയും നല്ല കൃഷി മുറകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഘട്ടം ഘട്ടമായി രാസകീടനാശിനികളുടെ ഉപയോഗം കുറച്ച് സുരക്ഷിത ഭക്ഷ്യ ഉല്പാദനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നത്. അമിതകീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷരഹിതമായ ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം |

(....2)

സംബന്ധിച്ചും ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. വിള ആരോഗ്യപരിപാലന പദ്ധതിയിൻകീഴിൽ ആരംഭിച്ചിട്ടുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന സന്തുലിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ, പരിസ്ഥിതി സൗഹൃദ കൃഷി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ ജൈവകീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്. ട്രൈക്കോഡർമ, വി.എ.എം. മുതലായവ കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്നു.

2016-17 മുതൽ സംസ്ഥാനത്ത് ക്വാളിറ്റികൺട്രോൾ എൻഫോഴ്സ്മെന്റ് കാമ്പയിൻ നടപ്പിലാക്കി വരുന്നു. കാമ്പയിന്റെ ഭാഗമായി എല്ലാ ഫെർട്ടിലൈസർ, ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരും എല്ലാ മാസവും അതാത് പ്രദേശത്തെ ഡിപ്പോകൾ നിർബന്ധമായും പരിശോധിക്കുന്നു. ഇതിനു പുറമേ സംസ്ഥാനത്തിലും ജില്ലാ തലത്തിലും മേഖലാ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. മാത്രമല്ല സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള മാരക കീടനാശിനികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് തടയുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്ത്വത്തിൽ മൾട്ടി ഡിസിപ്ലിനറി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്.

കീടനാശിനികളുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് ലക്ഷ്യമിട്ട്, നിയന്ത്രിത വിഭാഗത്തിൽ പ്പെടുന്ന കീടനാശിനികളുടെ വില്പനയ്ക്ക് കൃഷി ഓഫീസറുടെ ശുപാർശാ കുറിപ്പ് നിർബന്ധമാക്കിയിട്ടുണ്ട്. നിയന്ത്രിത കീടനാശിനി ഉപഭോക്താക്കളുടെ പേരുവിവരം ഡിപ്പോകളിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിനും സ്റ്റോക്ക് - വില വിവരങ്ങൾ പരസ്യമായി പ്രദർശിപ്പിക്കുന്നതിനും എല്ലാ കർഷകർക്കും നിർബന്ധമായും ക്യാഷ്ബിൽ നല്കുന്നതിനും ഡിപ്പോകൾക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.വിത്ത്, വളം,കീടനാശിനി എന്നിവയുടെ വിതരണവും വില്പനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ഡീലർമാർക്കായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും 2017-18 മുതൽ നടത്തിവരുന്നു.

(... 3)

ഗാർഹിക കീടനാശിനികൾ ഉപഭോഗ വസ്തുക്കൾക്കൊപ്പം സൂക്ഷിക്കുന്നതിനും വില്പന നടത്തുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക കീടനാശിനി വിതരണക്കാർ കൃഷി വകുപ്പിൽ നിന്നും കീടനാശിനി വില്പന വിതരണത്തിനുള്ള ലൈസൻസ് വാങ്ങേണ്ടതും വില്പനക്കാർ ലൈസൻസിന്റെ പകർപ്പ് കടയിൽ സൂക്ഷിക്കേണ്ടതുമാണ്.

കർഷകർക്കും കർഷക സമിതികൾക്കും കീടനാശിനി നിർമ്മാണ കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനികൾ വിതരണം ചെയ്യുന്നതും, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ അനുമതിയില്ലാതെ കർഷകരുമായി ചേർന്ന് കീടനാശിനി പരീക്ഷണങ്ങളും, ഡെമോൺസ്ട്രേഷനുകളും നടത്തുന്നതും നിരോധിച്ചിട്ടുണ്ട്. ഡിപ്പോകളിൽ കീടനാശിനികൾ വലിയ പാക്കറ്റുകളിലും, ബോട്ടിലുകളിലും സ്റ്റോക്ക് ചെയ്യുന്നതും വില്പന നടത്തുന്നതും നിരീക്ഷണവിധേയമാക്കിയിട്ടുണ്ട്. അംഗീകൃത വില്പനശാലകളിലൂടെയല്ലാതെ ഹാർഡ് വെയർ/ പ്ലൈവുഡ്ഷോപ്പുകളിലൂടെ ലൈസൻസ് ഇല്ലാതെയുള്ള കീടനാശിനി വില്പന തടയുന്നതിനും നടപടികൾ എടുത്തുവരുന്നു.

Sreelatha

**സെക്ഷൻ ഓഫീസർ**